## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2074 05.12.2018-ൽ മറുപടിക്ക്

# ശബരിമലയിലെ പോലീസ് അതിക്രമങ്ങൾ

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2018 ഒക്ടോബർ, നവംബർ മാസങ്ങളിലെ ശബരിമല തീർത്ഥാടന കാലത്ത് സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും പരിസരങ്ങളിലും നടന്ന പോലീസ് ക്രൂരതകൾക്കും മനുഷ്യാവകാശധ്വംസനങ്ങൾക്കും ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ; | (എ) ഇത്തരം നടപടികൾ സ്വീകരിക്കത്തക്ക സാഹചര്യം നിലവിലില്ല. |
| (ബി) ഭക്തരുടെ വാഹനങ്ങൾ അടിച്ചു തകർത്ത പോലീസുകാരുടെ പേരിൽ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) WP(C) No.35061/2018 മേലുള്ള 05.11.2018 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെയും സംസ്ഥാന പോലീസ് മേധാവിയുടെ 29.10.2018 തീയതിയിലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് കൊച്ചി റെയ്ഞ്ച് ഐ.ജി.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(സി) പോലീസ് അതിക്രമങ്ങളെ തുടർന്ന് ഉണ്ടായ സംഘർഷങ്ങളിൽ എത്ര ഭക്തർക്ക് എതിരെ കേസെടുത്തു; എത്രപേരെ കേസെടുത്ത് ജയിലിൽ അടച്ചു; ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്തവർ എത്ര;

(സി) പോലീസ് അതിക്രമം നടന്നിട്ടില്ല. ശബരിമലയിൽ ഭക്തർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഭക്തരുടെ പരാതിയിൻമേൽ കേസെടുത്തിട്ടുണ്ട്.

(ഡി) ശബരിമലയിലും പരിസരത്തും വിന്യസിച്ചിരിക്കുന്ന പോലീസുകാരുടെ ചെലവ് സർക്കാർ വഹിക്കുമോ അതോ ശബരിമല വരുമാനത്തിൽ നിന്ന് വഹിക്കുമോ;

(ഡി) പോലീസുകാരുടെ ചെലവുകൾ പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നത്.

(ഇ) കഴിഞ്ഞ വർഷം ഇതേ സീസണുകളിൽ പോലീസിനെ വിന്യസിച്ചതുമായി ബന്ധപ്പെട്ട് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ശബരിമല തീർത്ഥാടനകാലത്തെ പോലീസ് വിന്യാസം ക്രമസമാധാനപാലനവുമായി ബന്ധപ്പെട്ട ചുമതല ആയതിനാൽ സുരക്ഷാ ജോലിക്കായി വിന്യസിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെയുള്ള ചെലവുകൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**